# മണൽത്തീരം മായുന്നു; തിരയിളക്കം ദുരന്തമാവുന്നു

Published: Mar 24, 2017, 01:00 AM IST

T- T T+



വലിയതുറ കടൽപ്പാലത്തിനു സമീപത്തെ ഇപ്പോഴത്തെ ദൃശ്യം. മണൽത്തീരം പേരിനുമാത്രം

തിരുവനന്തപുരം: വർഷം പോകുന്തോറും മണൽത്തീരങ്ങൾ നഷ്ടമാകുന്നു. കടലിലെ തിരയിളക്കം കടൽത്തീരത്ത് ദുരിതം വിതയ്ക്കുകയും ചെയ്യുന്നു. വലിയതുറ പാലത്തിന് സമീപത്തുനിന്ന് പത്തുവർഷം മുൻപ് എടുത്ത ചിത്രവും ഇപ്പോഴത്തെ ചിത്രവും താരതമ്യപ്പെടുത്തിയാൽ എത്രവേഗമാണ് കടൽത്തീരം മായുന്നതെന്ന് ബോധ്യമാകും.

കടൽക്ഷോഭത്തിൽ കടലല്ല, മനുഷ്യനാണ് പ്രതിയെന്ന് ഈ ചിത്രങ്ങളെടുത്ത 'ഫ്രണ്ട്സ് ഓഫ് മറൈൻ ലൈഫ്' ചീഫ് കോ-ഓർഡിനേറ്റർ റോബർട്ട് പനിപ്പിള്ള പറയുന്നു.

കടലിലെ തിരയിളക്കം പുതിയ പ്രതിഭാസമല്ല. അത് സ്വാഭാവികമാണ്. എന്നാൽ, അശാസ്ത്രീയമായ പുലിമുട്ട് നിർമാണം കാരണം തീരങ്ങൾ നഷ്ടമാകുന്നതോടെ ഈ തിരയിളക്കം ദുരന്തമായി മാറുന്നു- റോബർട്ട് പനിപ്പിള്ള പറഞ്ഞു.

വിഴിഞ്ഞത്ത് മത്സ്യബന്ധന തുറമുഖത്തിനായി പുലിമുട്ട് വന്നശേഷമാണ് വലിയതുറ പ്രദേശത്ത് മണൽത്തീരം ശോഷിക്കാൻ തുടങ്ങിയത്. ഇത്തവണയാണ് തീരം ഇത്രയേറെ നഷ്ടപ്പെട്ടതെന്നും റോബർട്ട് പനിപ്പിള്ള ചൂണ്ടിക്കാട്ടുന്നു. പുലിമുട്ട് നിർമിച്ച സ്ഥലങ്ങളിലെല്ലാം ഈ പ്രശ്നം ഉണ്ട്. കടലിന്റെ സ്വാഭാവിക മണ്ണൊഴുക്കിനെ തടസ്സപ്പെടുത്തുന്ന പുലിമുട്ടുകൾ തീരത്തെ

ഇല്ലാതാക്കുന്നു. പുലിമുട്ടിന് ബദൽ മാർഗങ്ങൾ കണ്ടെത്തുകയാണ് സമുദ്ര ശാസ്ത്രജ്ഞരും തുറമുഖ എൻജിനീയറിങ് വിദഗ്ധരും ചെയ്യേണ്ടതെന്നും ഫ്രണ്ട്സ് ഓഫ് മറൈൻലൈഫ് ആവശ്യപ്പെട്ടു.

കടലിൽ എല്ലാവർഷവും തിരയിളക്കം ഉണ്ടാകും. ഇതു തടയാൻ മനുഷ്യന് കഴിയില്ല. ഇതിനൊരു താളക്രമമുണ്ട്. അന്തരീക്ഷത്തിലെ ന്യൂനമർദവും തിരയിളക്കത്തിന് കാരണമാണ്. എന്നാൽ ഇതിൽനിന്നെല്ലാം തീരത്തെ ചെറുത്തത് മണൽമെത്തകളാണ്. അവയാണ് അതിവേഗം ഇല്ലാതാകുന്നത്.